# കടത്തനാട് രാജാസ്

## ഹയർ സെക്കൻഡറി സ്കൂൾ

### പുറമേരി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

Scanned with OKEN Scanner

# അക്കാദമിക് മാസ്റ്റർ പ്ലാൻ

# 2025-2026

**<u>(യുപി & ഹൈസ്കൂൾ)</u>**

ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ (AMP) വടകര വിദ്യാഭ്യാസ ജില്ലയിലെ ചോമ്പാല ഉപജില്ലയിൽ സ്ഥിതിചെയ്യുന്ന കടത്തനാട് രാജാസ് ഹയർ സെക്കൻററി സ്കൂൾ പുറമേരി സ്കൂളിൻറെ വിദ്യാഭ്യാസ തന്ത്രങ്ങളെ അതിൻറെ ദീർഘകാല ലക്ഷ്യങ്ങളുമായി വിന്യസിക്കുന്നതിനും , അടുത്ത കുറച്ച് വർഷങ്ങളിൽ സുസ്ഥിരമായ പുരോഗതിയും അക്കാദമിക് മികവും ഉറപ്പാക്കുന്നതിനും വേണ്ടി തയ്യാറാക്കിയതാണ്..............

Scanned with OKEN Scanner

# ആമുഖം

കോഴിക്കോട് ജില്ലയിലെ പുറമേരി പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന എയ്ഡഡ് വിദ്യാലയമായ കടത്തനാട് രാജാസ് ഹയർ സെക്കന്ററി സ്കൂൾ പുറമേരി അക്കാദമിക് മികവിൻറെയും സമഗ്രവികസനത്തിൻറെയും അന്തരീക്ഷം വളർത്തിയെടുക്കാൻ പ്രതിജ്ഞാബദ്ധമാണ്. വിദ്യാഭ്യാസ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും അടിസ്ഥാന സൌകര്യങ്ങൾവികരിക്കുന്നതിനുംവിദ്യാർത്ഥികൾക്കിടയിൽ സാമൂഹികവും വൈകാരികവുമായ വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും ശ്രദ്ധ ക്രേന്ദ്രീകരിച്ച് അടുത്ത മൂന്ന് വർഷത്തേക്ക് സ്കൂളിനെ നയിക്കാനാണ് എ എം പി രൂപകൽപ്പന ചെയ്തിരിക്കുന്നത്.

Scanned with OKEN Scanner

# വിദ്യാലയചരിത്രം

കടത്തനാടിൻറെ തിലകക്കുറിയായി പ്രശോഭിക്കുന്ന കടത്തനാട് രാജാസ് ഹയർസെക്കന്ററി സ്കൂൾ 1896 ൽ ആണ് സ്ഥാപിതമായത്. ഉല്പതിഷ്ണുവും സാഹിത്യകാരനുമായ കടത്തനാട് ഉദയവർമ്മ രാജ സ്ഥാപിച്ച ഈ വിദ്യാലയത്തിൽ നിന്നും അക്ഷര വെളിച്ചം പകർന്നു നൽകിയവരും ഏറ്റുവാങ്ങിയവരുമായി എത്രയോ മഹാരഥൻമാർ പടിയിറങ്ങിപ്പോയി. ഇന്ന് സമൂഹത്തിൻറെ നാനാതുറകളിൽ കഴിയുന്ന ലോകമെങ്ങുനിന്നുമുള്ള അക്ഷരസ്നേഹികൾ ഈ വിദ്യാലയത്തിരു മുറ്റത്തേക്ക് ഒരുവട്ടംകൂടിയണയുവാൻ മോഹിക്കുന്നു.അവരുടെയെല്ലാം അനുഗ്രഹാശിസ്സുകൾ ഏറ്റുവാങ്ങി മികവിൻറെ പാതയിലേക്ക് ഓരോ വർഷവും ഞങ്ങൾ സധൈര്യം മുന്നേറുകയാണ്. നിരവധി വർഷങ്ങളിലെ ആഗ്രഹപൂർത്തീകരണമാണ് സ്കൂളിന് സ്വന്തമായി ബസ് ലഭിച്ചതിലൂടെ സാധ്യമായത്. സ്കൂളിൻറെ സമഗ്രവികസനത്തിനാവശ്യമായ വിഭവങ്ങൾ നൽകാൻ പൊതു സമൂഹം പൂർണ്ണമനസ്സോടെ മുന്നോട്ട് വരുന്നു എന്നതാണ് ഞങ്ങളുടെ യാത്രക്ക് ഊർജ്ജമേകുന്ന ഇന്ധനം. ഒരു പ്രാഥമിക വിദ്യാലയമായി 1896-ൽ പ്രവർത്തനമാരംഭരിച്ച് പ്രഗൽഭരും പ്രശക്തരുമായ പലരുടെയും അനുഗ്രഹാശിസ്സുകളോടെ വളർന്ന്, ഒരു പൂർണ്ണ സ്കൂളായി തീർന്ന രോമാഞ്ചജനകമായ ചരിത്രമാണ് പുറമേരി. കെ.ആർ. ഹൈസ്കൂളിനുള്ളത്. പണ്ഡിതനും, സാഹിത്യകാരനും, കടത്തനാടിന്റെ സ്തംഭവുമായിരുന്ന ആയഞ്ചേരി കോവിലകത്ത് ഉദയവർമ്മ തമ്പുരാൻ സ്ഥാപിച്ച ഈ വിദ്യാലയം 1908-ൽ മിഡിൽ സ്കൂളായി ഉയരുകയും തേഡ് ഫോം വരെയുള്ള ക്ലാസുകൾ ക്ക് അംഗീകാരം നേടുകയും ചെയ്തു. 1907-ൽ സ്ഥാപകന്റെ ദേഹവിയോഗത്തെ തുടർന്ന് കടത്തനാട് വലിയ രാജാവിന്റെ ആഗ്രഹമനുസരിച്ച് ശ്രീ എ.കെ ശങ്കരവർമ്മരാജ സ്കൂളിന്റെ മാനേജരായി വിദ്യാലയത്തിന് പുതിയ കെട്ടിടം പണിയിച്ച് 1918 മുതൽ ഒരു ഹൈസ്കൂളായി ഉയർത്തി.1923 മുതൽ ഈ വിദ്യാലയത്തിന് സർക്കാറിന്റെ അംഗീകാരം കിട്ടുകയും ചെയ്തു.

Scanned with OKEN Scanner

# അവസ്ഥാ വിശകലനം

ആധുനിക വിദ്യാഭ്യാസ പദ്ധതിയിൽ പ്രതീക്ഷിക്കുന്ന വിധത്തിൽ സ്കൂളിന്റെ എല്ലാ ആവശ്യങ്ങൾക്കും താങ്ങായി തണലായി നിലവിലുള്ള മാനേജ് മെന്റും പി ടി എ അധികൃതരും ഒപ്പമുണ്ട് പുരോഗതിയുടെ പാതയിൽ ഉണ്ടാവുന്ന തടസ്സങ്ങളെ തട്ടി മാറ്റാനും ഒരേ ഒരു ലക്ഷ്യമായി മുന്നേറരാനും വരുന്ന ആളുകളിൽ അവർക്ക് കഴിയണം .നമ്മുടെ വിദ്യാലയം അജ്ഞാനാന്ധകാരത്തിനു അറുതി വരുത്തുന്ന ഉദയ സൂര്യനായി നിലനിൽക്കട്ടെ . 2024-25 അധ്യയന വർഷത്തിൽ യു പി വിഭാഗത്തിൽ 175 കുട്ടികളും ഹൈസ്കൂൾ വിഭാഗത്തിൽ 552 കുട്ടികളും ഹയർ സെക്കന്ററി വിഭാഗത്തിൽ 545 കുട്ടികളും ഉണ്ടായിരുന്നു .യു പി വിഭാഗത്തിൽ 8 അധ്യാപകരും ഹൈസ്കൂൾ വിഭാഗത്തിൽ 24 അധ്യാപകരും 4 ജീവനക്കാരും ഹയർ സെക്കന്ററി വിഭാഗത്തിൽ 17 അധ്യാപകരും ഒരു ജീവനക്കാരനും ജോലി ചെയ്യുന്നു വൈവിധ്യമാർന്ന വിദ്യാർത്ഥികളെ സേവിക്കുന്ന സ്‌കൂൾ, അക്കാദമിക്, പാഠ്യേതര മികവ് വളർത്തിയെടുക്കാൻ ലക്ഷ്യമിട്ടുള്ള നിരവധി പ്രോഗ്രാമുകള് വാഗ്ദാനം ചെയ്യുന്നു.. നിലവിൽ യുപിയിൽ 158 , എച്ച്എസിൽ 579 എന്നിങ്ങനെ 737 കുട്ടികളാണ് സ്‌കൂളിലുള്ളത്. 31 അധ്യാപകരും 4 അനാധ്യാപകരും ഇപ്പോൾ സ്‌കൂളിൽ പ്രവർത്തിക്കുന്നു. നിലവിൽ 22 ക്ലാസ് റൂമുകളും ഒരു ലൈബ്രറിയും ഒരു സയൻസ് ലാബും ഒരു കംബ്യൂട്ടർ ലാബും വിദ്യാലയത്തിൽ ഉണ്ട്. എന്നാൽ ഇവിടങ്ങളിലെ സൌകര്യങ്ങൾ മെച്ചപെടുത്തേണ്ടതായിട്ടുണ്ട് .നിലവിൽ ഒരു സ്കൂൾ ബസ് ഉണ്ടെങ്കിലും അത് സ്‌കൂളിലെ മുഴുവൻ ആവശ്യങ്ങൾക്ക് അപര്യാപ്തമാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പിന്നാക്ക വിദ്യാർ ഥികൾ പഠിക്കുന്ന സർക്കാർ വിദ്യാഭ്യാസ സ്ഥാപനം.കഴിഞ്ഞ 6 വർഷമായി sslc പരീക്ഷയിൽ നൂറു ശതമാനം വിജയവും 25 ശതമാനത്തിൽ കൂടുതൽ വിദ്യാർത്ഥികൾക്ക് ഫുൾ A + വിജയവും നേടി ജില്ലയിലെതന്നെ മികച്ചൊരു വിദ്യാലയമാണ്. USS ,NMMS , പരിക്ഷയിൽ കുട്ടികൾക്ക് മികച്ച വിജയം കരസ്ഥമാക്കൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞിട്ടുണ്ട്.SPC NCC JRC LITTLE KITES യൂണിറ്റുകൾ നല്ല രീതിയിൽ പ്രവർ ത്തിക്കുന്ന വിദ്വാലയമാണിത്. സബ്ജില്ലാ സ്പോർസിൽ തുടർച്ചയായി നമ്മുടെ വിദ്വാലയത്തിന് ചാമ്പ്യൻഷിപ്പ് നേടാൻ കഴിഞ്ഞിട്ടുണ്ട്. രണ്ട് വിദ്യാർത്ഥിനികൾക്ക് മുൻവർ ഷങ്ങളിലെ പോലെ കഴിഞ്ഞ വർഷവും ജില്ലാ ഫുട്ബോൾ ടീമിൽ സെലക്ഷൻ ലഭിച്ചിട്ടുണ്ട്. മുൻ വർഷത്തിൽ ഒരു കുട്ടിക് ദേശിയഫൂട്ട് ബോൾ ടീമിൽ സെലക്ഷൻ ലഭിച്ചിട്ടുണ്ട്.

Scanned with OKEN Scanner

| ക്ലാസ് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ കുട്ടികൾ |
|---|---|---|---|
| 5 | 22 | 20 | 42 |
| 6 | 33 | 19 | 52 |
| 7 | 38 | 26 | 64 |
| 8 | 125 | 91 | 216 |
| 9 | 119 | 82 | 201 |
| 10 | 88 | 74 | 162 |
| മൊത്തം | 425 | 312 | 737 |

| ക്ലാസ്സ് | ഡിവിഷനുകൾ | | | | | |
|---|---|---|---|---|---|---|
| 5 | A | B | | | | |
| 6 | A | B | | | | |
| 7 | A | B | | | | |
| 8 | A | B | C | D | E | F |
| 9 | A | B | C | D | E | |
| 10 | A | B | C | D | | |

ഹെഡ്മിസ്ട്രസ്

| **ഷൈനി കെ** |
|---|

# ഓഫീസ് സ്റ്റാഫ്

| ക്രമ നംമ്പർ | ഓഫീസ് സ്റ്റാഫ് | തസ്തിക | സ്ഥിരം/താൽക്കാലികം |
|---|---|---|---|
| **1** | ശീഹരി മാധവ് | ക്ലർക്ക് | സ്ഥിരം |
| **2** | മോനിഷ് കെ | ഓഫീസ് അറ്റൻറ് | സ്ഥിരം |
| **3** | എയ്ഞ്ചല പ്രകാശ് | ഓഫീസ് അറ്റൻറ് | സ്ഥിരം |
| **4** | ഉഷാര ആർ എം | എഫ് ടി എം | സ്ഥിരം |

Scanned with OKEN Scanner

ക്ലാസ് ചാർജ്ജുള്ള അദ്ധ്യാപകർ

**5A**– വൈഷ്ണവ്

**5B**– ജിസ്ന എ കെ

**6A**– സച്ചിൻ ഹരി

**6B**– സുജിത് കുമാർ ബി

**7A**– സജിന കെ കെ

**7B**– മഞ്ജുഷ കെ സി

**8A**– ശുഭ എസ്

**8B**– സുപ്രിയ ഇ കെ

**8C**– സിൻസി പി

**8D**– ഷഹീറ

**8E**– ശാശ്വതി

**8F**– ബീന വി പി

**9A**– ശ്യാമ വർമ്മ കെ എസ്

**9B**– റിഷ കെ

**9C**– രമ്യ കെ പി

**9D**– അഞ്ജു

**9 E**–രസ്ന രാമത്ത്

**10A**– രജിത്ത് കണ്ണോത്ത്

**10B**– ഇന്ദുജ പി പി

**10C**– ഷീജ പി പി

**10D**– ഉഷ പി

Scanned with OKEN Scanner

## ചുമതല വഹിക്കുന്ന അദ്ധ്യാപകർ

| | |
|---|---|
| സ്റ്റാഫ് സെക്രട്ടറി | -ശുഭ എസ് |
| എസ് ആർ ജി | -ബീന വി പി **(HS)**,സജിന കെ കെ **(UP)** |
| അച്ചടക്കം | -രജിൽ ടി |
| ജാഗ്രത | -ബീന വി പി |
| വിജയോത്സവം | -ഇന്ദുജ പി പി |
| വിജയോത്സവം **9th** | - അഞ്ജു |
| എസ്സ് ഐ ടി സി | -മനുശങ്കർ ആർ |
| വിജയോത്സവം **8th** | -സുപ്രിയ ഇ കെ |
| ഉച്ചഭക്ഷണം | -സച്ചിൻ ഹരി ,സുപ്രിയ ഇ കെ |
| എൻ സി സി | -മുഹമ്മദ് റാഫി |
| എസ് പി സി | -അജീഷ് പി കെ ,രമ്യ കെ പി |
| ജെ ർ സി | -റിഷ കെ |
| ലിറ്റിൽ കൈറ്റ്സ് | -ശാശ്വതി |
| **NMMS** | -സിൻസി പി |
| **USS** | -മഞ്ജുഷ കെ സി |
| ലൈബ്രറി | -രസ്ന രാമത്ത് |
| സയൻസ് ക്ലബ് | -ബീന വി പി, മഞ്ജുഷ കെ സി |
| മാത്സ് ക്ലബ് | -ഗീത പി കെ , സുജിത്ത് കുമാർ ബി |
| സോഷ്യൽ സയൻസ് ക്ലബ് | -സിൻസി പി ,സജിന കെ കെ |
| വിദ്യാരംഗം | - ഉഷ പി , ജിസ്ന എ കെ |
| ഇംഗ്ലീഷ് ക്ലബ് | - ശശിധരവർമ്മ ഇ കെ , സച്ചിൻ ഹരി |
| പരിസ്ഥിതി ക്ലബ് | -ഷഹീറ പി പി |
| കലോത്സവം | -സംഗീതം പദ്മനാഭൻ |
| ശുചിത്വം | -ഷഹീറ പി പി ,സുജിത്ത് കുമാർ ബി |
| സ്കൂൾ ബസ് | -ശ്യാമ വർമ്മ കെ എസ് |
| പ്രവൃത്തി പരിചയ ക്ലബ് | -ഷഹീറ പി പി |
| ആരോഗ്യ ക്ലബ് | -ഹൈമവതി പി എ |

Scanned with OKEN Scanner

# ലക്ഷ്യങ്ങളും ഉദ്ദേശങ്ങളും

*പ്രൊഫഷണൽ വികസനം:

o ആധുനിക അധ്യാപന രീതികളെക്കുറിച്ചും ഡിജിറ്റൽ ടൂളുകളെക്കുറിച്ചും അധ്യാപകർക്കുള്ള പതിവ് ശിൽപശാലകളും പരിശീലന സെഷനുകളും.

o അധ്യാപകർക്കിടയിൽ അറിവ് പങ്കിടൽ പ്രോത്സാഹിപ്പിക്കുന്നതിന് പിയർ മെന്ററിംഗ് പ്രോഗ്രാമുകൾ.

*വിദ്യാര്ത്ഥി പിന്തുണ:

o ബുദ്ധിമുട്ടുന്ന വിദ്യാർത്ഥികളെ പിന്തുണയ്ക്കുന്നതിനായി ട്യൂട്ടറിംഗ്, മെന്ററിംഗ് പ്രോഗ്രാമുകൾ സ്ഥാപിക്കുക.

o സാമൂഹികവും വൈകാരികവുമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് കൌൺസിലിംഗ് സേവനങ്ങൾ നൽകുക.

*അടിസ്ഥാന സൌകര്യ വികസനം:

സ്കൂൾ ലൈബ്രറി വിപുലീകരിക്കുക

പ്രവര്ത്തന പദ്ധതികള്

*വിദ്യാര്ത്ഥി പിന്തുണ പ്രോഗ്രാമുകള്;

ലക്ഷ്യം: അടുത്ത വർഷം പരാജയവും കൊഴിഞ്ഞുപോക്കും 100% കുറയ്ക്കുക.

അധിക ട്യൂട്ടറിംഗ് സെഷനുകൾ നൽകുക.

ഭാഷകൾ വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളെ കണ്ടെത്തി ആകുറവുകൾ പരിഹരിക്കുക.

ഗണിതത്തിൽ അടിസ്ഥാനമില്ലാത്തവർക്ക് അത് ലഭിക്കുന്നതിനു വേണ്ട ക്ലാസുകൾ നൽകുക.

ഉത്തരവാദിത്തം: ഭാഷ, ഗണിതാദ്ധ്യാപകർ

ടൈംലൈന്: അധ്യായന വർഷത്തിന്റെ ആദ്യ രണ്ട് മാസത്തിനുള്ളിൽ പ്രോഗ്രാമുകൾ ആരംഭിക്കുകയും പ്രതിമാസം നിരീക്ഷിക്കുകയും ചെയ്യുക.

*. നിരീക്ഷണവും വിലയിരുത്തലും

പ്രകടന അളവുകള്;

* വിദ്യാർത്ഥി നേട്ടങ്ങളുടെ ഡാറ്റ (ടെസ്റ്റ് സ്കോറുകൾ, വിജയ നിരക്ക്) അധ്യാപകരുടെ പ്രകടന വിലയിരുത്തലും പ്രതികരണവും.

* ഹാജർ രേഖകളും പ്രോഗ്രാമുകളിലെ വിദ്യാർത്ഥി പങ്കാളിത്തവും.

Scanned with OKEN Scanner

അവലോകന ഷെഡ്യൂള്:

സ്റ്റാഫുകളുമായും എസ്ആർജിയുമായും പ്രതിമാസ പുരോഗതി യോഗങ്ങൾ.

ഫീഡ്ബാക്ക് മെക്കാനിസങ്ങള്:

* പതിവ് രക്ഷാകർതൃഅധ്യാപക മീറ്റിംഗുകളും കമ്മ്യൂണിറ്റി ഫോറങ്ങളും.

ക്രമീകരണങ്ങള്:

0 ഫിഡ്ബാക്കും പ്രകടന ഡാറ്റയും അടിസ്ഥാനമാക്കി തന്ത്രങ്ങൾ പരിഷ്ക്കരിക്കുക.

ഉയർന്നുവരുന്ന ആവശ്യങ്ങളോ മുൻഗണനകളോ അഭിസംബോധന ചെയ്യാൻ വിഭവങ്ങൾ വീണ്ടും അനുവദിക്കുക.

* കലണ്ടറും ഷെഡ്യൂളിംഗും

വാര്ഷിക കലണ്ടര്;

ടേം തീയതികൾ

*ഒന്നാം പാദം ജൂൺ 2 മുതൽ ഓഗസ്റ്റ് 29 വരെ.

* രണ്ടാം പാദം സെപ്റ്റംബർ 8 മുതൽ ഡിസംബർ 1 വരെ .

* അവസാന പാദം ഡിസംബർ 29 മുതൽ മാർച്ച് 31 വരെ.

പരീക്ഷാ ഷെഡ്യൂളുകള്

* ഒന്നാം പാദ വാർഷിക പരിക്ഷ ഓഗസ്റ്റ് 20 മുതൽ ഓഗസ്റ്റ് 27 വരെയുള്ള ദിവസങ്ങളിൽ നടക്കും.

* രണ്ടാം പാദ വാർഷിക പരിക്ഷ ഡിസംബർ 11 മുതൽ ഡിസംബർ 18 വരെയുള്ള ദിവസങ്ങളിൽ നടക്കും.

* വാർഷിക പരിക്ഷ മാർച്ച് 2 മുതൽ മാർച്ച് 30 വരെയുള്ള ദിവസങ്ങളിൽ നടക്കും.

അവധി ദിനങ്ങള്

* ഓണാവധി ഓഗസ്റ്റ് 27 മുതൽ സപ്റ്റംബർ 7 വരെയും

* ക്രിസ്മസ് അവധി ഡിസംബർ 19 മുതൽ 29 വരെയും

* വേനലവധി മാർച്ച് 31 മുതൽ ജൂൺ 1 വരെയും ആയിരിക്കും.

## പൊതു അവധികള്

* ജൂൺ 17, ജൂലൈ 16, ആഗസ്റ്റ് 15,20,26, 28, ഒക്ടോബർ 2, 31, ജനുവരി 2, ഫെബ്രുവരി 26 എന്നീ ദിവസങ്ങൾ പൊതു അവധിയായിരിക്കും.

* പ്രതിമാസ കലണ്ടർ:

പ്രൊഫഷണൽ ഡെവലപ്മെന്റ് സെഷനുകളും വിദ്യാർത്ഥി പ്രോഗ്രാമുകളും ഉൾപ്പെടെ വിശദമായ പ്രതിമാസ പ്രവർത്തനങ്ങൾ

മാസങ്ങളിലെ ദിനാചരണങ്ങൾ

ജൂണ്

02 പ്രവേശനോത്സവം

05 ലോക പരിസ്ഥിതി ദിനം

12 ലോക ബാലവേല വിരുദ്ധ ദിനം

Scanned with OKEN Scanner

14 ലോക രക്തദാന ദിനം

19 വായനാ ദിനം

21 അന്തർദേശീയ യോഗ ദിനം

26 ലോക ലഹരി വിരുദ്ധ ദിനം

ജൂലൈ

01 വന മഹോത്സവ ദിനം

11 ലോക ജനസാംഖ്യാ ദിനം

21 ചാന്ദ്രദിനം

28 ലോകപ്രകൃതിസംരക്ഷണ ദിനം

ആഗസ്റ്റ്

06 ഹിരോഷിമാ ദിനം

09 ക്വിറ്റ് ഇന്ത്യാ ദിനം

12 ലോകയുവജന ദിനം

15 സ്വാതന്ത്ര്യ ദിനം

17 കർഷക ദിനം

29 ദേശീയ കായിക ദിനം

സെപ്റ്റംബര്

05 അധ്യാപക ദിനം

26 ലോക ബധിര ദിനം

27 ലോക വിനോദ സഞ്ചാര ദിനം

28 പ്രകൃതി സൌഹൃദ ദിനം

ഒക്ടോബര്

01 ദേശീയ രക്തദാന ദിനം

09 ലോകതപ്പാൽ ദിനം

10 ദേശീയതപാൽ ദിനം

13 സംസ്ഥാന കായിക ദിനം

15 ലോക വിദ്യാർത്ഥി ദിനം

16 ലോക ഭക്ഷ്യ ദിനം

17 ലോക ദാരിദ്ര്യ നിർമാർജന ദിനം

24 ഐക്യരാഷ്ട്ര ദിനം

നവംബര്

01 കേരള പിറവി

07 സി.വി.രാമൻ ദിനം

11 ദേശീയ വിദ്യാഭ്യാസ ദിനം

14 ശിശുദിനം

19 ദേശീയോദ്ഗ്രഥന ദിനം

20 സാർവ്വദേശീയ ശിശുദിനം

21 ലോക ടെലിവിഷൻ ദിനം

26 ഭരണഘടനാ ദിനം

Scanned with OKEN Scanner

ഡിസംബര്

03 ലോകഭിനശേഷി ദിനം

07 സായുധസേനാ ദിനം

10 മനുഷ്യവകാശ ദിനം

ജനുവരി

01 ലോകഹിന്ദി ദിനം

24 പെൺകുട്ടികളുടെ ദേശീയ ദിനം

30 രക്തസാക്ഷി ദിനം

ഫെബ്രുവരി

21 അന്തർ ദേശീയ മാതൃഭാഷാ ദിനം

22 ലോക സ്കൗട്ട്സ് ദിനം

28 ദേശീയ ശാസ്ത്രദിനം

മാര്ച്ച്

08 അന്തർദേശീയ വനിതാ ദിനം

15 ലോക ഉപഭോക്ത സംരക്ഷണ ദിനം

21 ലോക വനവൽക്കരണ ദിനം

22 ലോകജലദിനം

പ്രതിവാര കലണ്ടര്:

ക്ലാസുകൾ, പാഠ്യേതര പ്രവർത്തനങ്ങൾ, പ്രത്യേക ഇവന്റുകൾ എന്നിവ

Scanned with OKEN Scanner

## ആമുഖം

വിദ്യാഭ്യാസ ലക്ഷ്യങ്ങളിലൊന്നായ സമഗ്ര വ്യക്തി വികാസത്തിലേക്ക് വിദ്യാർഥികളെ നയിക്കുന്നതിൽ സുപ്രധാനപങ്കാണ് വായനയ്ക്കുള്ളത്.

പാഠപുസ്തകങ്ങൾപ്പുറമുള്ള വായനയുടെ ലോകത്തിലേക്ക് പ്രവേശിക്കുന്നതിലൂടെ വിദ്യാർഥികളുടെ സർഗാത്മക ശേഷിയാണ് വികസിതമാകുന്നത്. വിജ്ഞാനത്തിന്റെ വിവിധ മണ്ഡലങ്ങളെ മാനവിക മൂല്യങ്ങളുമായി കോർത്തിണക്കുന്നതിനും അപരിചിതമായ ജീവിതാനുഭവങ്ങളെ തിരിച്ചറിയുന്നതിനുമായി വിദ്യാർഥികളിൽ വായനാനുഭവം വളർത്തേണ്ടത് അനിവാര്യമാണ്. ആനന്ദകരമായ അനുഭവമായി പുസ്തകവായനയെ കുട്ടികൾ തിരിച്ചറിയുംവിധമുള്ള നിരന്തരപ്രവർത്തനങ്ങളാണ് 2024-25 അധ്യയനകാലയളവിൽ സ്കൂളിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഓരോ വിദ്യാർത്ഥിയിലൂടെയും രൂപപ്പെടുന്ന വായനസംസ്കാരത്തിലേക്ക് വിദ്യാലയത്തെ എത്തിക്കുകയെന്ന ലക്ഷ്യമാണ് ഈ ആസൂത്രണത്തിനുള്ളത്.

## ലക്ഷ്യം

1. 5 മുതൽ 10 വരെ ക്ലാസ്സുകളിലെ ഓരോ കുട്ടിയും ആർജിക്കേണ്ട ഭാഷാപരമായ ശേഷികളും ധാരണകളും നൈപുണികളും പരമാവധി കഴിവിനനുസരിച്ച് നേടിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തും.

2. കുട്ടികളിലെ രചനാപരമായ ശേഷി കണ്ടെത്തുന്നതിനും പ്രകടിപ്പിക്കുന്നതിനും വേദി സജ്ജമാക്കുക.

3. കുട്ടികളിൽ വായനയുടെ സംസ്കാരം വളർത്തുക.

Scanned with OKEN Scanner

## മാതൃഭാഷാപഠനം - പ്രശ്നങ്ങൾ

1. 5 മുതൽ 10 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദ്ദേശിച്ച എല്ലാ ശേഷികളും പ്രതീക്ഷിത നിലവാരത്തിൽ എത്താൻ കഴിയുന്നില്ല.

2. സർഗ്ഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യവും പ്രോത്സാഹനവും ലഭിക്കുന്നില്ല.

3. വായനയുടെ ലോകത്തേക്ക് കുട്ടികളെ എത്തിക്കാൻ കഴിയുന്നില്ല.

## പ്രശ്നവിശകലനം

| കാരണങ്ങൾ | പരിഹാര നിർദ്ദേശം - പദ്ധതി |
|---|---|
| 1. വായനയോടുള്ള താല്പര്യകുറവ് | 1. പിറന്നാളിനൊരു പുസ്തകം |
| 2. ലൈബ്രറി ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 2. വായനക്കുറിപ്പ് |
| 3. വായന പ്രവർത്തനങ്ങൾക്കുള്ള സമയക്കുറവ് | 3. കഥ, കവിത, ശില്പശാല |
| 4. സർഗാത്മക രചനകൾക്ക് വേണ്ടത്ര പ്രാധാന്യം നൽകുന്നില്ല | 4. സെമിനാർ |
| 5. ഭാഷാ വ്യവഹാരങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നില്ല | 5. ചുവർ മാഗസിൻ |
| | 6. കൈയെഴുത്ത്/ ഡിജിറ്റൽ മാഗസിൻ |
| | 7. സാഹിത്യപഠനയാത്ര |
| | 8. വായനക്കൂട്ടം - പുസ്തക ചർച്ച |
| | 9. അഭിമുഖം |

Scanned with OKEN Scanner

## 4. സെമിനാർ

അന്വേഷണാത്മക പഠനത്തിന്റെയും വിമർശനാത്മക പഠനത്തിന്റെയും അനന്തസാധ്യതകൾ തുറന്നിടുന്നതാണ് സെമിനാർ. പാഠപുസ്തകങ്ങളിലെ വിഷയത്തെ അടിസ്ഥാനമാക്കിയാവണം സെമിനാർ നടത്തേണ്ടത്. ക്ലാസ്, സ്കൂൾ തലങ്ങളിൽ സംഘടിപ്പിക്കണം. ഓരോ ക്ലാസിലെയും കുട്ടികളെ ഗ്രൂപ്പുകളാക്കി തിരിച്ച് വിഷയങ്ങൾ നൽകണം. ഇത് കുട്ടികളിൽ സംഘബോധം വളർത്തും. സ്കൂൾതല സെമിനാർ ഡോക്കുമെന്റ് ചെയ്ത് സൂക്ഷിക്കേണ്ടതാണ്.

## 5. ചുമർ മാഗസിൻ

ഓരോ ക്ലാസിനും ചുമർ മാഗസിൻ ഉണ്ടായിരിക്കണം. ക്ലാസ് മുറിക്കുള്ളിൽത്തന്നെ അതിനായി അനുയോജ്യമായ സ്ഥലം തിരഞ്ഞെടുക്കണം. കഥ, കവിത, ലേഖനം, വാർത്തകൾ, കാർട്ടൂണുകൾ തുടങ്ങി വ്യത്യസ്ത വ്യവഹാരരൂപങ്ങൾ ഉൾപ്പെടുത്തണം. ഓരോ ആഴ്ചയിലും പുതിയ സൃഷ്ടികൾ പതിക്കണം. ഇതിനായി പത്രാധിപസമിതി തിരഞ്ഞെടുക്കണം

## 6. കൈയെഴുത്ത് / ഡിജിറ്റൽ മാഗസിൻ

പഠന പ്രവർത്തനത്തിന്റെയും ദിനാചരണങ്ങളുടെയും ഭാഗമായി ധാരാളം രചനകൾ കുട്ടികൾ വികസിപ്പിക്കാറുണ്ട്. ക്ലാസ് തലത്തിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തത്തോടെ മാഗസിൻ വികസിപ്പിക്കണം. മാഗസിന്റെ വർദ്ധിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ രൂപപ്പെടുത്തണം. ക്ലാസ്സുകൾ തമ്മിൽ മത്സരവും കുട്ടികൾക്ക് പ്രോത്സാഹനവും നൽകണം. ഇതിനായി ക്ലാസ് തല പത്രാധിപസമിതി രൂപീകരിക്കണം. ചുമർ മാഗസിനിലെ സൃഷ്ടികൾ ഉപയോഗിക്കാവുന്നതാണ്.

## 7. സാഹിത്യപഠനയാത്ര

മാതൃഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട സ്ഥലങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ച് അവയുടെ പ്രാധാന്യവും പ്രസക്തിയും തിരിച്ചറിയുന്നതിനുള്ള പദ്ധതി. ഇതിന്റെ പ്രാധാന്യം ക്ലാസ് പി റ്റി എയിൽ അവതരിപ്പിക്കുകയും രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ അധ്യാപകരും കുട്ടികളും ക്ലാസ് അടിസ്ഥാനത്തിൽ പഠനയാത്ര നടത്തണം. ഇതിന്റെ ഡോക്യുമെന്റേഷൻ തയ്യാറാക്കണം. ഭാഷയോടും കേരളസംസ്കാരത്തോടും ആദരവും സ്നേഹവും വളർത്തുവാൻ ഇത് സഹായിക്കും.

Scanned with OKEN Scanner

| അക്കാദമിക മാസ്റ്റർ പ്ലാൻ ഉർദു | | | | |
|---|---|---|---|---|
| പ്രവർത്തനം | പ്രവർത്തനഘട്ടം | സമയം | ചുമതല | മോണിറ്ററിംഗ് |
| വായന | വായനാമത്സരങ്ങൾ<br>ക്വിസ് മത്സരങ്ങൾ<br>ഉർദു പത്രങ്ങൾ,<br>വായന കാർഡുകൾ | ധ ദിനാചരണ | SRG | HM |
| എഴുത്ത് | ഉർദ്ദുവിൽ മികച്ചതും ഭ | ഓരോ ടേമില | SRG | HM |
| ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈ | 1 വർഷം | SRG | HM |
| ഉർദുപത്രം | ക്ലാസ് തല വാർത്തകൾ | 3 തവണ | ഉർദു ക്ലബ് | HM |

Scanned with OKEN Scanner

## സംസ്കൃതം

## അക്കാദമിക്ക് മാസ്റ്റർപ്ലാൻ

## ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുത്ത്.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം.<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട്<br>പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം .</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിൻറെ പേജ് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച്. | ചാർട്ട്<br>ചിത്രം | റിസോൾസ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക. |
| 6. <u>ആസ്വാദന ലോകം .</u><br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br><br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

Scanned with OKEN Scanner

# KADATHANADU RAJAS HSS PURAMERI
# VADAKARA KOZHIKODE SC:16032
## അക്കാദമിക് മാസ്റ്റർ - പ്ലാൻ - 2025_ 26

| ലക്ഷ്യം - | പ്രവർത്തനം - | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| കുട്ടികളിൽ വായന പ്രോൽസാഹിപ്പിക്കുക നല്ല വായനക്കാരാക്കുക | അറബിക് ലൈബ്രറി ശക്തീകരണ ലൈബ്രറിയിൽ കൂടുതൽ അറബി വായനാ പുസ്തകങ്ങൾ സംഘടിപ്പിക്കുന്ന 'വയനാ കോർണർ സ്ഥാപിക്കുന്നു. | 6 മാസ-ജൂൺ - നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ-സൂക്ഷിക്കാനാവശ്യമായ ഷൽഫ് | BRC ഡയറ്റ് പൂർവ്വവിദ്യാർത്ഥികൾ |
| എഴുത്ത് | വിവിധ ദിനാചരണങ്ങളുടെ പോസ്റ്റുകൾ നിർമിക്കുന്നു. കുട്ടികൾക്ക് പരിശീലനം നൽകുന്നു ഡയറിക്കുറിപ്പുകൾക്കുള്ള പരിശീലനവും പ്രോൽസാഹനവും നൽകുന്നു | അധ്യയനവർഷം മുഴുവൻ | ചാർട്ടുകൾ മാർക്കർ പേനകൾ ക്രയോൺ | അധ്യാപകർ PTA |
| ഭാഷാ സംബന്ധമായ പൊതു അറിവുകൾ. നേടുക | ക്ലാസിൽ അറബി ഭാഷാ സംബന്ധമായ അറിവുകൾ പ്രദർശിപ്പിക്കുന്നു. A4 ൽ തയ്യാറാക്കി പൊതുവിജ്ഞാന ആൽബം തയ്യാറാക്കുന്നു. ദിനേന അറബി ഭാഷ സംബന്ധമായ പൊതു അറിവുകൾ | അധ്യയനവർഷം മുഴുവൻ | | PTA |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | നോട്ട് ബുക്കിൽ പ്രത്യേക പേജ് ക്രമീകരിക്കുന്നു. നന്നായി തയ്യാറാക്കുന്ന കുട്ടികൾക്ക് പ്രോൽസാഹന സമ്മാനം നൽകുന്നു . ശേഖരിക്കാൻ പ്രോൽസാഹിപ്പിക്കുന്നു. | | | |
| ദിനാചരണങ്ങൾ ദിനാചരണങ്ങളെ കുറിച്ച് അവബോധം ഉണ്ടാക്കുന്നു . | അറബി പോസ്റ്ററുകൾ വ്യക്തിപരമായി തയ്യാറാക്കുന്നു നല്ലതിന് പ്രോൽസാഹന സമ്മാനം നൽകുന്നു ഡിജിറ്റൽ പോസ്റ്ററിന് പരിശീലനം നൽകുന്നു. | ജൂൺ മുതൽ എല്ലമാസവും | മൊബൈൽ അനുബന്ധ സോഫ്റ്റ്വെറുകൾ | PTA അധ്യാപകർ |
| ആസ്വാദനം | പാഠഭാഗ സംബന്ധമായ ആനിമേഷൻ കാണാൻ അവസരം നൽകുന്നു അനുബന്ധ ലിങ്കുകൾ അയച്ചുനൽകുന്നു. | അധ്യയനവർഷം മുഴുവൻ | അനുബന്ധ ലിങ്കുകൾ | രക്ഷിതാക്കൾ അധ്യാപകർ |
| ഭാഷയുടെ സജീവത ബോധ്യപ്പെടുത്തുന്നു | തനതായ അറബി ഭാഷകൾ കേൾക്കാനും മനസ്സിലാക്കാനും ഉച്ചാരണ മാറ്റങ്ങൾ ഉൾക്കൊള്ളാനും അവസരമൊരുക്കുന്നു . വീഡിയോ | അധ്യയനവർഷം മുഴുവൻ | അനുബന്ധ ലിങ്കുകൾ | രക്ഷിതാക്കൾ അധ്യാപകർ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | സംഘടിപ്പിച്ചു<br>നൽകുന്നു.<br>മാതൃകകൾകാണിക്കു<br>ന്നു | | | |
| കാലിഗ്രാഫി<br>പരിചയപ്പെടുത്തുന്നു | അറബി ഭാഷയുടെ<br>അലങ്കാരമായ<br>കാലിഗ്രാഫി<br>പരിചയപ്പെടുത്തുകയു<br>ം ചെയ്യാൻ<br>പ്രോൽസാഹിപ്പിക്കു<br>കയും ചെയ്യുന്നു | അധ്യയനവർഷം<br>മുഴുവൻ | ചാർട്ട് മാർക്കർ<br>പേനകൾ<br>ക്രയോൺ<br>വാട്ടർ കളർ | |
| UP | | | | |
| അറബി ഭാഷ<br>അക്ഷരങ്ങളുടെ<br>ഉച്ചാരണശുദ്ധി<br>വായനാ<br>പരിശീലനം<br><br>ഭാഷയിലും<br>പഠനത്തിലും<br>പിന്നോക്കം<br>നിൽക്കുന്നവർക്കുള്ള<br>പിന്തുണ<br>സംവിധാനമായി<br>ഉപയോഗിക്കുന്നു. | വാക്കുകൾ<br>വായിപ്പിച്ചും<br>കേട്ടെഴുത്ത്<br>നടത്തിയും<br>കുട്ടികൾക്ക് സ്വയം<br>തിരിച്ചറിയാനും<br>തെറ്റ്<br>തിരുത്താനുമുള്ള<br>അവഅക്ഷരകാർഡു<br>കൾ /ചാർട്ടുകൾ<br>തയ്യാറാക്കുന്നുസരം<br>നൽകുന്നു -നിറം<br>നൽകൽ<br>പ്രവർത്തനം<br>നടത്തുന്നു. | അധ്യയനവർഷം<br>മുഴുവൻ | ചാർട്ട് മാർക്കർ<br>പേനകൾ<br>ക്രയോൺ<br>വാട്ടർ കളർ | രക്ഷിതാക്കൾ<br>അധ്യാപകർ |
| എഴുത്ത് | അറബി ഭാഷ കുട്ടി<br>എഴുത്തിലെ<br>പോരായ്മകൾ<br>നികത്തി<br>മനോഹരമാക്കാനു<br>ള്ള പരിശീലനം<br>നൽകുന്നുഹത്തു<br>റുഖഈ | അധ്യയനവർഷം<br>മുഴുവൻ | ടെക്സ്റ്റ്<br>കോപ്പി<br>ചാർട്ടുകൾ മാർക്കറുകൾ | രക്ഷിതാക്കൾ<br>അധ്യാപകർ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | പരിശീലിപ്പിക്കുന്നു. | | | |
| അറബി പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | ഒരു വാരം ഒരു വിഷയം എന്ന രീതിയിൽ വ്യത്യസ്തമായ വിഷയം നൽകി അതു സംബന്ധമായ നാമ - ക്രിയാ പദങ്ങൾ എഴുതാൻ പറയുന്നു ആവശ്യമായ പിന്തുണയും വിലയിരുത്തലും നടത്തുന്നു ദൈനം ദിന ജീവിതത്തിലെ അറബി പദങ്ങൾ / പ്രയോഗങ്ങൾ പരിശീലിപ്പിക്കുന്നു. ഉപയോഗിക്കാൻ പ്രോൽസാഹനം നൽകുന്നു | അധ്യയനവർഷം മുഴുവൻ | പുസ്തകം കാർഡുകൾ ഫയലുകൾ | രക്ഷിതാക്കൾ അധ്യാപകർ |
| കുട്ടികളുടെ സർഗാത്മക ശേഷി വർദ്ധിപ്പിക്കുക ഭാഷയ്ക്ക് ഉപയോഗിക്കുക | വിവിധ സംഭാഷണ സാഹചര്യങ്ങൾ, വിവരണങ്ങൾ ,തുട ങ്ങിയവ തയ്യാറാക്കാൻ ആവശ്യമായ ചിത്രങ്ങൾ കുട്ടികൾ തയ്യാറാക്കുന്നു. ഒരാൾ തയ്യാറാക്കിയ ചിത്രത്തെ ആസ്പദമാക്കി മറ്റൊരാൾ രചന നടത്തുന്നു. | അധ്യയനവർഷം മുഴുവൻ | A4 ഷീറ്റുകൾ ക്രയോൺ കളറുകൾ | രക്ഷിതാക്കൾ അധ്യാപകർ |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| നിഘണ്ടു പരിശീലനം | പാഠഭാഗത്തിലെ കുറഞ്ഞ വാക്കുകൾ ചാർട്ടിൽ / ബോർഡിൽപ്രദർശിപ്പിച്ച് അൽപസമയത്തിനുള്ളിൽ നിഘണ്ടു രൂപത്തിലാക്കാൻ പറയുന്നു. നൽകുകയും ചെയ്യുന്നു. ചെറുസമ്മാനങ്ങൾ | അധ്യയനവർഷം മുഴുവൻ | ചാർട്ട് മാർക്കർ പേനകൾ ക്രയോൺ വാട്ടർ കളർ | രക്ഷിതാക്കൾ PTA അധ്യാപകർ |
| വായന പരിശീലനം | കുട്ടികൾ ഓരോ ദിവസവും പാഠഭാഗങ്ങൾ വായിച്ചുവരികയും. പിറ്റേന്ന് ക്ലാസിൽ വായിക്കുമ്പോൾ. അവരുടെ തന്നെ നോട്ടുബുക്കിൽ. ഗ്രേഡുകൾ / സ്റ്റാറുകൾ രേഖപ്പെടുത്തുകയും ചെറു സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു. മാസത്തിലൊരിക്കൽ പാഠം പുസ്തകത്തിനപ്പുറമുള്ള ചെറു രചനകൾ വായനാ മൽസരം നടത്തുന്നു. സമ്മാനം നൽകുന്നു | അധ്യയനവർഷം മുഴുവൻ | ടെക്സ്റ്റ് .നോട്ടുബുക്ക | രക്ഷിതാക്കൾ PTA അധ്യാപകർ |
| അറബി ഭാഷാ ആശയവിനിമയം വർദ്ധിപ്പിക്കുന്നു | ക്ലാസിലെ ദൈനംദിന ഉപയോഗത്തിനാവശ്യമായ പദങ്ങൾ ക്ലാസിൽ സ്ഥിരം പ്രദർശിപ്പിക്കുന്നു. | അധ്യയനവർഷം മുഴുവൻ | ചാർട്ട് മാർക്കർ പേനകൾ ക്രയോൺ വാട്ടർ കളർ | |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| | ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നു | | | |
| അഭിനയം | പാഠഭാഗത്തിലെ പ്രത്യേക ഭാഗങ്ങൾ ശബ്ദാനുകരണത്തിനും ഭാവാഭിനയത്തിനും അവസരങ്ങൾ നൽകുന്നു പ്രോൽസാഹിപ്പിക്കുന്നു | അധ്യയനവർഷം മുഴുവൻ | | രക്ഷിതാക്കൾ അധ്യാപകർ |

Scanned with OKEN Scanner

| ENGLISH -MASTER PLAN -2025-26<br>KRHSS -PURAMERI | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **TIME** | **RESPONSIBILITY** | **FINANCE** |
| 1. ENABLE PUPILS TO COMMUNICATE CONFIDENTLY | COMMUNICATIVE ENGLISH CLASSES<br><br>EFFECTIVE USE OF SCHOOL LIBRARY<br><br>READING ENGLISH BOOKS AND NEWS PAPERS<br><br>MAKE USE OF CORNER READING IN SPARE TIMES<br><br>EXHIBITING CARTOONS, DOCUMENTARIES OR SHORT MOVIES<br><br>REGULAR ENGLISH ASSEMBIES | SATURDAYS/HOLIDAYS | PTA & TEACHERS | PTA, MANAGEMENT |

Scanned with OKEN Scanner

| ENGLISH -MASTER PLAN | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **TIME** | **RESPONSIBILITY** | **FINANCE** |
| 2. PROVIDE OPPORTUNITY FOR CREATIVE EXPRESSIONS IN ENGLISH | CINEMAS<br>DOCUMENTARIES<br>SCRIPT WRITING<br>SELECTED VIDEO CLIPS FROM CLASSIC ENGLISH MOVIES<br><br>SKIT<br>ROLE PLAY<br>SEMINAR<br>DEBATE<br><br>COREOGRAPHY OF ENGLISH POEMS<br><br>ENGLISH DAY -A DAY IN A WEEK FOR ENGLISH ACTIVITIES | CLASS ROOM ACTIVITIES<br><br>ACADEMIC YEAR | TEACHERS &SRG | PTA ,MANAGEMENT<br><br>ENGLISH CLUB<br><br>MANAGEMENT |

Scanned with OKEN Scanner

| ENGLISH -MASTER PLAN | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **TIME** | **RESPONSIBILITY** | **FINANCE** |
| 3. PREPARE PUPILS FOR INDEPENDENT READING<br>PREPARE PUPILS FOR INDEPENDENT WRITING | CREATIVE READING USING LETTER CARDS WORD CARDS<br><br>PICTURE READING<br><br>STORY MAKING<br>READING NEWS PAPER IN CHORUS<br>DIARY<br><br>NEWS READING<br><br>ENGLISH ASSSEMBLY<br><br>NEWS READING COMPETITIONS | CLASS ROOM ACTIVITIES<br><br>CLASS ROOM ACTIVITIES<br><br>ENGLISH ASSEMBLY | PTA<br>SRG<br>TEACHERS<br><br>TEACHERS | ENGLISH CLUB |

Scanned with OKEN Scanner

| ENGLISH -MASTER PLAN | | | | |
|---|---|---|---|---|
| **OBJECTIVES** | **ACTIVITIES** | **TIME** | **RESPONSIBILITY** | **FINANCE** |
| 4. DRAMATISATION | ENGLISH LAB<br>PAPPET SHOW<br>SKIT<br>PRESENTATION<br>MOMO ACT<br>DRAMATIC<br>SPEECH<br>CLASSIC<br>DIALOUGE<br>PRESENATATION | CLASS ROOM ACTIVITIES<br><br>SATURDAYS VACCATION CAMP | PTA & SRG TEACHERS | PTA<br><br>MANAGEMENT |

Scanned with OKEN Scanner

| | | | | |
|---|---|---|---|---|
| 5.PREPARE PUPILS FOR RECITATION AND WRITING POEMS | OPPORTUNITY TO LISTEN TO ENGLISH AUDIOS | CLASS ROOM ACTIVITIES | TEACHERS | ENGLISH CLUB |
| | POETRY WRITING<br>RECITATION<br>APPRECIATION | VACCATION<br>SATURDAYS | TEACHERS<br>PTA<br>SRG | ENGLISH CLUB |
| | DEBATE & INTERVIEWS WITH POETS<br>BOOK REVIEWS<br>MAGAZINES | TWICE IN A YEAR | TEACHERS | MANAGEMENT |
| 6- INFORMATION TECHNOLOGY FOR THE EXCELLENCE IN ENGLISH | ANDROID APPS<br>ONLINE PLATFORMS<br>VIDEO CONFERENCING WITH EMINENT PERSONALITIES | VACCATION | TEACHERS<br>PTA<br>SRG | TEACHERS<br>PTA<br>SRG<br>MANAGEMENT |
| | WATICHING ENGLISH MOVIES | ONCE IN AN ACADEMIC YEAR | ENGLISH CLUB | |
| | INTERACTION WITH NATIVE SPEAKERS | | | |
| 7.DEBATE SESSIONS | INTERVIEWS WITH EMINENT LITERARIONS | VACCATION | TEACHERS<br>PTA<br>SRG | PTA |
| | CONDUCTING DEBATES IN ENGLISH AMONG STUDENTS | TWICE IN AN ACADEMIC YEAR | TEACHERS | ENGLISH CLUB |

Scanned with OKEN Scanner

# മേഖല – ഹൈസ്കൂൾ – ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2) മാതൃഭാഷയെ പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ, നോവലുകൾ, സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു.<br>ഹിന്ദി തിയേറ്ററുകൾ സജീകരിക്കുക. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3) വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക. | ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ |
| | പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | പി.ടി.എ |

Scanned with OKEN Scanner

മേഖല: അക്കാദമികം , ഉപമേഖല:ശാസ്ത്രം അക്കാദമിക മാസ്റ്റർ പ്ലാൻ - ശാസ്ത്രം

| Sl No | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ/സാമ്പത്തികം |
|---|---|---|---|---|---|
| 1 | മുൻ ക്ലാസുകളിൽ നേടേണ്ട അടിസ്ഥാന ശേഷികൾ ഉണ്ടോ എന്നു പരിശോധിക്കുക ഇല്ലെങ്കിൽ പഠന പിന്തുണ നൽകുക | ടെസ്റ്റ്- മൂല്യനിർണയം Peer Group പ്രവർത്തനം | ജൂൺ | സയൻസ് അധ്യാപകർ | SRG |
| 2 | ശാസ്ത്ര വിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കുക . അതിലൂടെ ശാസ്ത്രമനോഭാവം വളർത്തുക | സയൻസ് ക്ലബ്ബ് രൂപീകരിച്ച് വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കുട്ടികളെ പ്രേരിപ്പിക്കുക ( സെമിനാർ, മിനി പ്രോജക്ട്, ഡിബേറ്റ് , ക്വിസ്) | I വർഷം | സയൻസ് അധ്യാപകർ | SRG, PTA |
| 3 | ശാസ്ത്രലാബ് സജ്ജീകരിക്കുക | 3 വിഷയങ്ങളുമായി (ഫിസിക്സ്, കെമിസ്ട്രി, ബയോളജി) ബന്ധപ്പെട്ട ഉപകരണങ്ങൾ, രാസവസ്തുക്കൾ, മോഡലുകൾ എന്നിവ തരംതിരിച്ച് വെക്കുക . കാറ്റലോഗ് തയ്യാറാക്കുക | ജൂൺ, ജൂലൈ | സയൻസ് അധ്യാപകർ | SRG |
| 4 | ഗിഫ്റ്റഡ് സ്റ്റുഡൻസിന് പരിശീലനം നൽകൽ | ഒഴിവ് ദിനങ്ങളിൽ പ്രത്യേക ക്ലാസുകൾ സംഘടിപ്പിക്കൽ | ഒഴിവു ദിനങ്ങൾ | സയൻസ് അധ്യാപകർ | SRG |
| 5 | ശാസ്ത്രം പ്രവർത്തനമാണെന്ന് മനസ്സി ലാക്കുക. ശാസ്ത്രാഭിരുചി വളർത്തുക. | സ്കൂൾ ശാസ്ത്രമേള, ശില്പശാല,വർക്ക്ഷോപ്പ്, ക്വിസ് , ബോധവൽക്കരണ ക്ലാസ് | 1 വർഷം | സയൻസ് അധ്യാപകർ | SRG |
| 6 | ശാസ്ത്ര പഠനം രസകരമാക്കുക. | പഠനയാത്രകൾ ( കാർഷിക ഗവേഷണ കേന്ദ്രം, പവർ സ്റ്റേഷൻ, പ്ലാനറ്റേറിയം, ജൈവ വൈവിധ്യ പാർക്കുകൾ etc)) | ഒക്ടോബർ | സയൻസ് ക്ലബ്ബ് | SRG ,PTA |
| 7 | പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | Peer Group, സയൻസ് അധ്യാപകർ നല്കുന്ന പഠന പിന്തു ണ ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം | അധ്യാപകർ | SRG, PTA |

Scanned with OKEN Scanner

സാമൂഹ്യ ശാസ്ത്രം മനുഷ്യജീവിതത്തെയും സമൂഹത്തെയും പറ്റി പഠിക്കുന്ന ഒരു പഠന ശാഖയാണ് .ഇത് നമ്മുടെ സംസ്കാരം ,ചരിത്രം,ഭരണകൂടങ്ങൾ ,ഭൂമിശാസ്ത്രം ,സാമ്പത്തികം തുടങ്ങി മനുഷ്യ സമൂഹവുമായി ബന്ധപ്പെട്ട വിഷയങ്ങളെക്കുറിച്ച് കുട്ടികൾക്ക് അറിവ് നൽകുന്നു .കുട്ടികളിൽ ദേശസ്നേഹം ദേശീയ ഐക്യം സഹിഷ്ണുത തുടങ്ങിയ മാനുഷിക മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നത് സാമൂഹ്യ ശാസ്ത്ര പഠനത്തിന്റെ ഒരു പ്രധാന ലക്ഷ്യമാണ്.സാമൂഹ്യ ശാസ്ത്ര പഠനത്തിലൂടെ വിവിധ ഭാഷകൾ ,ആചാരങ്ങൾ ,സസ്കാരങ്ങൾ ,മതങ്ങൾ തുടങ്ങിയവയെക്കുറിച്ച് അറിവ് ലഭിക്കുകയും മറ്റു സമൂഹങ്ങളെയും ,മനുഷ്യരെയും മനസ്സിലാക്കാനും ,ആദരിക്കാനും ഉള്ള മനോഭാവം കുട്ടികളിൽ വളർത്തിയെടുക്കാനും കഴിയുന്നു.

ഭൂമിയുടെ ഘടന കാലാവസ്ഥ പ്രകൃതി വിഭവങ്ങൾ ഭൂമിശാസ്ത്രം എന്നിവയെക്കുറിച്ചുള്ള അറിവ് സാമൂഹ്യശാസ്ത്ര പഠനത്തിലൂടെ കുട്ടികൾക്ക് ലഭിക്കുന്നു .ഇത് അവരുടെ പ്രദേശത്തും ,ലോകത്തും സംഭവിക്കുന്ന മാറ്റങ്ങളെക്കുറിച്ചും മനസ്സിലാക്കാൻ കുട്ടികളെ പ്രാപ്തരാക്കുന്നു

ഭാവിയിലെ ഉത്തരവാദിത്തങ്ങളുമായി മുന്നോട്ടുപോകാനും നല്ലതീരുമാനങ്ങൾ എടുക്കാനും ,ജനാധിപത്യ മൂല്യങ്ങൾക്കനുസൃതമായി ജീവിക്കാനും ഇത് കുട്ടിയെ പഠിപ്പിക്കുന്നു .അതുകൊണ്ടു തന്നെ സ്കൂൾ വിദ്യാഭ്യാസത്തിൽ സാമൂഹ്യ ശാസ്ത്ര വിഷയം വളരെ പ്രാധാന്യമുള്ള വിഷയമായി നിലകൊള്ളുന്നു .

അക്കാദമിക മാസ്റ്റർപ്ലാൻ 2025-26 (സോഷ്യൽ സയൻസ്)

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ചരിത്ര ബോധം വളർത്തുകയും ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കാനും അവ സംരക്ഷിക്കാനും ഉള്ള താല്പര്യം വളർത്തിയെടുക്കുകയും ചെയ്യുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു (ഫീൽഡ് ട്രിപ്പുകളിൽ ഭിന്നശേഷി കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു ) | അക്കാദമിക വർഷം (നിശ്ചയിച്ച തിയ്യതികളിൽ ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | കുട്ടികൾ |
| 2 | ജനാധിപത്യ ബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക ,ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക ,പൗരബോധം | സ്കൂൾ പാർലമെന്റ് രൂപീകരണം , ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള അവബോധം വളർത്താൻ | അക്കാദമിക വർഷത്തെ പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

Scanned with OKEN Scanner

| | | | | | |
|---|---|---|---|---|---|
| | വളർത്തിയെടുക്കുക | ഭരണഘടന ക്വിസ് ,പൗരബോധം, സാമൂഹ്യബോധം ഇവ വളർത്താനുള്ള പ്രവർത്തനങ്ങൾ | | | |
| 3 | ഭൂപട വായനക്കുള്ള കഴിവ് കുട്ടികളിൽ വളർത്തുക ,ഭൂപടങ്ങളിൽ ദിശാനിർണ്ണയത്തിനും ,സ്ഥാന നിർണ്ണയത്തിനും ഉള്ള കഴിവ് വളർത്തുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ,അറ്റ്ലസ് നിർമ്മാണം (അറ്റ് ലസ്സുകൾ പസിൽ രൂപത്തിൽ തയ്യാറാക്കി ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി ഗെയിമുകൾ) | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | കുട്ടികളിൽ സാമൂഹ്യ ബോധം വളർത്തുക ,പൊതുവിജ്ഞാനം വളർത്തുക ,വായന പ്രോത്സാഹിപ്പിക്കുക | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്ന ക്വിസുകൾ, ദിനാചരണങ്ങൾ എന്നിവ നടത്തുക , ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷവർഷത്തിലെ പ്രത്യേക ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | ഭൂമിയെ കുറിച്ചും ഭൂപ്രകൃതിയെക്കുറിച്ചും ,നദികൾ ,പർവതങ്ങൾ ,സമുദ്രങ്ങൾ മണ്ണിനങ്ങൾ എന്നിവയെ കുറിച്ചും ഇവയ്ക്കു കാലാവസ്ഥയുമായുള്ള ബന്ധത്തെക്കുറിച്ചും അവബോധം ഉണ്ടാക്കുകയും ,പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള താല്പര്യം വളർത്തുകയും ചെയ്യുക | ദിനാചരണങ്ങൾ ,വിവിധ മേഖലകളെ കുറിച്ച അവബോധം വളർത്തുന്ന പ്രവത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

Scanned with OKEN Scanner

| ഗണിതം (ഹൈസ്കൂൾ ) | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആശയധാരണ കൈവരിക്കൽ | എന്നെ അറിയാൻ പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കി | ജൂൺ രണ്ടാം വാരം | അധ്യാപകർ | |
| | ഗണിത ക്വിസ് ക്ലാസ് തലം | ജൂലൈ ആദ്യവാരം | അധ്യാപകർ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കാൻ | ജാമതിയെ പെട്ടി ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ശില്പശാലകൾ | ആഗസ്റ്റ് ആദ്യവാരം | അധ്യാപകർ | |
| ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടുത്തൽ | ഫീൽഡ് ട്രിപ്പ് | | അധ്യാപകർ | |
| ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവ പരിശോധിക്കൽ | ശില്പശാലകൾ ഫീൽഡ് ട്രിപ്പ്ശില്പശാല നടത്തുന്നു ക്ലബ്ബ് ആക്ടിവിറ്റികൾ സംഘടിപ്പിക്കുന്നു. | | ഗണിതക്ലബ് അധ്യാപകർ | പി ടി എ |
| സംഘബോധം ഉണ്ടാക്കാൻ | സംഘ പഠനം | | അധ്യാപകർ ഗ്രൂപ്പ് ലീഡേഴ്സ് | |
| അടിസ്ഥാനശേഷി കൈവരിക്കുന്നതിന് | വിലയിരുത്തൽ പാഠസൂത്രണം | | അധ്യാപകർ | |
| ഗണിത മത്സര വേദികളിലേക്ക് കുട്ടികളെ തയ്യാറാക്കൽ | ഗണിത ക്ലബ്ബ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ കുട്ടികളെ മത്സരങ്ങൾക്ക് പ്രാപ്തരാക്കൾ | മാസത്തിൽ ഒന്ന് | അധ്യാപകർ | പി ടി എ |
| ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | | അധ്യാപകർ | പി ടി എ |
| രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | മാസത്തിൽ ഒരു പിടി എ | | അധ്യാപകർ എച്ച് എം പി ടി എ | |



Scanned with OKEN Scanner

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ചർച്ച രീതിയിൽ ICT സഹായത്തോടെ പൂർത്തിയാക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക. | സ്കൂൾ അധ്യാപക പരിശീലനങ്ങൾ സംഘടിപ്പിക്കുക: ഓരോ കാലഘട്ടത്തിലും മാറി വരുന്ന സോഫ്റ്റ് വെയറുകൾ ICT ഉപകരണങ്ങൾ എന്നിവ അധ്യാപകർക്ക് പരിചയപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 2) വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന വിഭവങ്ങൾ തയ്യാറാക്കുന്നതിലൂടെ പഠന പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുക. | ICT പഠന വിഭവങ്ങൾ സ്കൂൾ തലത്തിൽ തയ്യാറാക്കുക ഇതിനായി സ്കൂൾ തലത്തിൽ ICT ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | പി.ടി.എ |
| 3) പഠന പ്രവർത്തനങ്ങളിലൂടെ പ്രായോഗിക പരിശീലനം സാധ്യമാക്കുക. | ഹ്രസ്വ ചലച്ചിത്ര നിർമ്മാണങ്ങൾ സംഘടിപ്പിക്കുക. ഇതുവഴി പഠനത്തിലൂടെ പരിചയിച്ച സാങ്കേതിക വിദ്യകൾ പ്രായോഗിക തലത്തിൽ ഉപയോഗിക്കാനുള്ള കഴിവുകൾ നേടുന്നു. | അക്കാദമിക വർഷം | ICT പരിശീലനം നേടിയ അധ്യാപകർ | ഐ.ടി. ക്ലബ്ബ് |
| 4) ഓരോ കാലഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാക്കുന്നതോടൊപ്പം ദുരുപയോഗം നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവൽക്കരിക്കുക. | സൈബർ ദുരുപയോഗങ്ങൾക്കെതിരെയുള്ള ബോധവൽക്കരണം: മാറിമാറിവരുന്ന സാങ്കേതിക വിദ്യകളെക്കുറിച്ച് ഓരോ കാലഘട്ടത്തിലും രക്ഷിതാക്കളെയും വിദ്യാർത്ഥികളെയും ബോധവൽക്കരിക്കുന്നതിനാവശ്യമായ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സൈബർ സെൽ, ചൈൽഡ് ലൈൻ | |

Scanned with OKEN Scanner

## മേഖല – ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 5) നിത്യജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക. അതുവഴി സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ ഉപയോഗം പ്രചാരത്തിലാക്കുക. | സ്വതന്ത്ര സോഫ്റ്റ് വെയറുകളുടെ പ്രചാരണം കുട്ടികളിലൂടെ നടത്തുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |
| 6) സ്മാർട്ട് ക്ലാസ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗം | വിഷയാധിഷ്ഠിതമായി ICT ഉപയോഗിച്ച് കൊണ്ട് ക്ലാസ് റൂം സജീവമാക്കുന്നു. | അക്കാദമിക വർഷം | ഐ.ടി. അധ്യാപകർ | |

Scanned with OKEN Scanner

# KRHSS പുറമേരി

## അക്കാദമിക മാസ്റ്റർ പ്ലാൻ

മേഖല: കലാവിദ്യാഭ്യാസം (ഹൈസ്കൂൾ തലം) വിഷയങ്ങൾ: സംഗീതം, ചിത്രകല, നൃത്തം, നാടകം, സിനിമ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാഹചര്യം | ചുമതല |
|---|---|---|---|---|
| 1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക | പാട്ട്, ചിത്രരചന, നൃത്തം, നാടകം എന്നിവ കുട്ടികളെ ക്കൊണ്ട് വ്യക്തിഗതമായും, ഗ്രൂപ്പായും അവതരിപ്പിച്ചുകൊണ്ട് അവരിലുള്ള കഴിവുകൾ കണ്ടെത്തുന്നു. | 2 മാസം<br>(ജൂൺ, ജൂലൈ) | സ്കൂൾ ഓഡിറ്റോറിയം<br>(Sound system)<br>സാങ്കേതിക വിദ്യ | കലാധ്യാപകൻ |
| 2. കലാഭിചുരി വളർത്തുക, കഴിവിന്റെ വികാസത്തിന് അവസരമൊരുക്കുക.<br><br>3. വിവര–സാങ്കേതിക വിദ്യ | 1. കലാപരിശീലനങ്ങൾ നൽകുന്നു.<br>2.ശില്പശാലകൾ സംഘടിപ്പിക്കുന്നു.<br>3. വ്യക്തിഗതം/ഗ്രൂപ്പ് അവതരണത്തിന് അവസരം നൽകുന്നു. (വിവരസാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നു.)<br>4. വിവിധ ദിനാചരണങ്ങളിൽ ആർട്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ സംഘടിപ്പിക്കുന്നു.<br>5. സ്കൂൾ കലോത്സവം, സബ് ജില്ലാ കലോത്സവം എന്നിവയിൽ പങ്കെടുക്കാൻ അവസരമൊരുക്കൽ.<br>6. പ്രായോഗിക പരീക്ഷയിൽ മികവ് തെളിയിക്കുന്നു. | ഒരു അക്കാദമിക വർഷം<br>(ജൂൺ മുതൽ മാർച്ച് വരെ) | " | പി.ടി.എ<br>കലാധ്യാപകൻ<br>സഹപ്രവർത്തകർ<br>രക്ഷിതാക്കൾ<br><br>Sangeetham Padmanabhan |

Scanned with OKEN Scanner

# KRHSS PURAMERI
# ACADEMIC MATER PLAN 2025-26
# PHYSICAL EDUCATION

## പ്രവർത്തനം 1

**പേര് : കായിക പരിശീലനം**

**മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | .സ്പോർട്സ് ക്ലബ് രൂപീകരണം<br>.കായിക പരിശീലനം<br>. വിവിധ മത്സരങ്ങൾക്കുള്ള ടീമിനെ സജ്ജമാക്കൽ | 6 മാസം9 (ജൂൺ-നവംബർ) | ഹെഡ്മിസ്ട്രസ് പിടിഎ കായികാധ്യാപകൻ | 10000 |

## പ്രവർത്തനം 2

**പേര് : ദിനാചരണം**

**മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| നാഷണൽ സ്പോർട്സ് ഡേ ദിനാചരണവും അതിന്റെ പ്രാധാന്യം | പ്രദർശന ഫുട്ബോൾ മത്സരം/ സ്പോർട്സ് ക്വിസ് മത്സരം | ആഗസ്റ്റ് 29 | ഹെഡ്മിസ്ട്രസ് പിടിഎ കായികാധ്യാപകൻ | 10000 |

Scanned with OKEN Scanner

## പ്രവർത്തനം 3

**പേര് : കായിക താരങ്ങൾക്ക് അവാർഡ്/ സമ്മാനങ്ങൾ നൽകൽ**

**മേഖല/ഉപമേഖല : അക്കാദമികം / കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അവാർഡ്/ സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം,ഉപ ജില്ലാതലം, ജില്ലാതലം, സംസ്ഥാന തലം വിജയികൾക്ക് മൊമെന്റോ നൽകി ആദരിക്കൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം (ഡിസംബർ-മാർച്ച്) | ഹെഡ്മിസ്ട്രസ് പിടിഎ കായികാധ്യാപകൻ | 10000 |

Scanned with OKEN Scanner

# മേഖല യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) **5,6,7 ക്ലാസ് അക്ഷര ബോധം ഉറപ്പിക്കൽ.** ഹിന്ദി അഞ്ചാംതരം മുതൽ ആരംഭിക്കുന്നതിനാൽ ഹിന്ദി ഇഷ്ടപ്പെടാനും അക്ഷര ങ്ങളെ പരിചയപ്പെടാനും അവസരം ഒരുക്കുക. പഠിപ്പിച്ചെടുക്കുക. | പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലി അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങളെ മനസിലാക്കി കൊടുത്ത് പഠിപ്പിക്കും. ചിത്രങ്ങൾ, അക്ഷരമാല ചാർട്ട് സിഡിയിൽ അക്ഷര രചന കാണിക്കൽ എന്നിവ. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 2) **ഹിന്ദി വായന**: തെറ്റു കൂടാതെ ഹിന്ദി വായിക്കു വാനുള്ള പരിശ്രമം ചെയ്യും. | നിരന്തരം പുസ്തകം വായിച്ച് കേൾപ്പിച്ച് വായനയിലേക്ക് ആകർഷിപ്പിക്കും മറ്റ് ഹിന്ദി ചിത്രകഥകൾ അതിന്റെ സി. ഡി. താഴെ ഹിന്ദിയിൽ വാക്യമുള്ളവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |
| 3) **ഹിന്ദി സംസാരം**: ഹിന്ദി യിൽ സംസാരിക്കാനുള്ള കഴിവുണ്ടാക്കി എടുക്കും നിത്യജീവിതത്തിൽ ആവശ്യം വരുന്നത് ഹിന്ദിയിൽ സംസാ രിക്കാനുള്ള ഭാഷ പരിചയ പ്പെടുത്തും. | ഹിന്ദി മാത്രം മിക്കവാറും ക്ലാസുകളിൽ ഉപയോഗിക്കും. അവരുടെ ചെറിയ ചെറിയ ആവശ്യങ്ങൾ ഹിന്ദിയിൽ തന്നെ ചോദിക്കും. ഹിന്ദിയിൽ മാത്രം സംസാരിക്കുന്ന വരെ ക്ലാസിൽ കൊണ്ടുവരും.<br><br>വായനയ്ക്ക്...........<br>ഹിന്ദി തെറ്റിച്ച് അധ്യാപകൻ വായിക്കും കുട്ടികൾ ശ്രദ്ധ യോടെ അത് ശരിയാക്കി വായിക്കും.<br>Readery fight മത്സരവായന തെറ്റാതെ ആവർത്തി ക്കാതെ പാസില്ലാതെ കൂടുതൽ വരി വായിക്കണം.<br>ആ കുട്ടിക്ക് സമ്മാനം നൽകുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അധ്യാപകർ | |

Scanned with OKEN Scanner

## മേഖല യു.പി. ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാപഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | **ഗണിത ശിൽപ്പശാല** കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ് കാർഡ്,........ ഉപയോഗിക്കുന്നു.) | ജൂൺ മാസം | ഗണിത അധ്യാപകൻ | |
| 2) രസകരമായ ഗണിത ശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും. | **ഒറിഗാമി ശിൽപ്പശാല** ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ പട്ടികപ്പെടുത്തൽ, പ്രദർശനം സംഘടിപ്പിക്കൽ. | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ. | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജമാക്കൽ ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ. | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ്ബിലെ അംഗങ്ങളും | |
| 4) ഗണിതം മധുരമാക്കൽ | **ഗണിത പാർക്ക്** ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയ മുറ്റത്ത് പാർക്ക് സജ്ജമാക്കൽ. | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് | ഗണിത ക്ലബ്ബ്, പി.ടി.എ |
| 5) ഗണിത മേഖലയിൽ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കൽ | **ഗണിത ഗ്രാമം** ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാക്കുന്ന രീതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ ആറോ തവണ | ഗണിത അധ്യാപകർ, ക്ലബ്ബ് ലീഡർമാർ | പി.ടി.എ |
| 6) ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു | **ഐ.ടി. സാധ്യതകളിലൂടെ** ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇതുപോലുള്ള പ്രവർത്തനങ്ങൾ ഐ.ടി. സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | **ഗണിത ക്ലിനിക്ക്**<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി, ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർഥരായ കുട്ടികളും | |
| 8) വിവിധ ശേഷികളുടെ വികസനം | **ദിനാചരണം**<br>ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ SRG യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

Scanned with OKEN Scanner

## മേഖല യു.പി. സയൻസ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | **നിശാഗന്ധി-ജൈവവൈവിധ്യ പാർക്ക്:** ഔഷധത്തോട്ടം, പച്ചക്കറി തോട്ടം, ശലഭോദ്യാനം, കുളം, ജൈവവേലി, മുളകൾ കൊണ്ടുള്ള ഇരിപ്പിടങ്ങൾ എന്നിവ ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | പി.ടി.എ |
| | **കണ്ടറിയാനൊരു യാത്ര** വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ, ജൈവവൈവിധ്യ രജിസ്റ്റർ നിർമ്മാണം, കാവുകൾ സന്ദർശനം, കണ്ടൽക്കാട് നിരീക്ഷണം, പുഴയെ അറിയാൻ യാത്രകൾ. | ജൂലൈ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | രക്ഷിതാക്കൾ |
| | **പരീക്ഷണക്കളരി** നിത്യ ജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കുന്നു. പരീക്ഷണ കിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണ കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറുക്കുന്നു. | ജൂൺ മുതൽ | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| 2) ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക, ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക. | **മാസ്റ്റർ മൈന്റ്** ഊർജ്ജ ക്ലബ്ബ്, ആരോഗ്യ ക്ലബ്ബ്, ശാസ്ത്ര ക്ലബ്ബ് ഇവയുടെ ആഭിമുഖ്യത്തിൽ വിവിധ ശാസ്ത്ര ആശയങ്ങളുമായി ബന്ധപ്പെട്ട പ്രൊജക്ടുകൾ തയ്യാറാക്കി റിപ്പോർട്ട് അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ, ഊർജ്ജക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഹെൽത്ത് ക്ലബ്ബ് | |
| | **എക്സ്പ്പോ-എക്സ്പ്പോർ** ആധുനീക ശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾ തല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്ബ് |

Scanned with OKEN Scanner

| മേഖല യു.പി. സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| | **ശാസ്ത്ര വിസ്മയ ചുമർ**<br>ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്ര വിസ്മയ ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| | **മുഖാമുഖം**<br>ശാസ്ത്ര മേഖലയിലെ പ്രമുഖരായ വ്യക്തികളുമായി അഭിമുഖം നടത്തി നൂതന ശാസ്ത്ര ആശയവുമായി ബന്ധപ്പെട്ട സെമിനാർ സംഘടിപ്പിച്ച് പ്രബന്ധം തയ്യാറാക്കി അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ശില്പശാലകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ<br>സയൻസ് ക്ലബ്ബ് | പി.ടി.എ<br>സയൻസ് ക്ലബ്ബ് |
| | **യുറേക്കാ**<br>കുട്ടികളിൽ ശാസ്ത്ര അവബോധം വർദ്ധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 3) ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനീക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക. | **വിസ്മയ യാത്ര**<br>ICT യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു. പുതിയ കണ്ടെത്തലുകൾ, ശാസ്ത്രസത്യങ്ങൾ, ശാസ്ത്രകാരന്മാരുടെ ജീവ ചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |
| 4) പ്രതിഭാശാലികളായ വിദ്യാർത്ഥികളിൽ ഗവേഷണോത്സുകത വർദ്ധിപ്പിക്കൽ | Atal Tinkering Laboralory പ്രയോജനപ്പെടുത്തി പ്രതിഭാശാലികൾക്ക് ഗവേഷണത്തിന് വഴിയൊരുക്കുന്നു. 3D പ്രൊജക്ടർ ഉപയോഗിച്ച് കുട്ടികൾക്ക് നേരിട്ട് കാണാൻ സാധ്യതയില്ലാത്ത Fullerine പോലെയുള്ള മൂലകങ്ങളും, അവയുടെ ഐസോടോപ്പുകളും മറ്റും ത്രിമാന രൂപത്തിൽ കാണിച്ച് കൊടുക്കുന്നു.<br>ഇലക്ട്രോണിക്, റോബോട്ടിങ്ങ് സാധ്യത ഉപയോഗിച്ച് ഉപകരണ നിർമ്മാണം. | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | |

Scanned with OKEN Scanner

# അക്കാദമിക മാസ്റ്റർ പ്ലാൻ യു.പി വിഭാഗം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | കുട്ടികളിൽ ചരിത്ര ബോധം വളർത്തുകയും ചരിത്ര സ്മാരകങ്ങൾ സന്ദർശിക്കാനും അവ സംരക്ഷിക്കാനും ഉള്ള താല്പര്യം വളർത്തിയെടുക്കുകയും ചെയ്യുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു (ഫീൽഡ് ട്രിപ്പുകളിൽ ഭിന്നശേഷി കുട്ടികളുടെയും പങ്കാളിത്തം ഉറപ്പു വരുത്തുന്നു ) | അക്കാദമിക വർഷം (നിശ്ചയിച്ച തിയ്യതികളിൽ ) | സാമൂഹ്യശാസ്ത്ര അധ്യാപകർ | കുട്ടികൾ |
| 2 | ജനാധിപത്യ ബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുക ,ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റിയെടുക്കുക ,പൗരബോധം | സ്കൂൾ പാർലമെന്റ് രൂപീകരണം , ഇന്ത്യൻ ഭരണഘടനയെക്കുറിച്ചുള്ള അവബോധം വളർത്താൻ | അക്കാദമിക വർഷത്തെ പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |
| | വളർത്തിയെടുക്കുക | ഭരണഘടന ക്വിസ് ,പൗരബോധം, സാമൂഹ്യബോധം ഇവ വളർത്താനുള്ള പ്രവർത്തനങ്ങൾ | | | |
| 3 | ഭൂപട വായനക്കുള്ള കഴിവ് കുട്ടികളിൽ വളർത്തുക ,ഭൂപടങ്ങളിൽ ദിശാനിർണ്ണയത്തിനും ,സ്ഥാന നിർണ്ണയത്തിനും ഉള്ള കഴിവ് വളർത്തുക | ഭൂപട വായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ,അറ്റ്ലസ് നിർമ്മാണം (അറ്റ് ലസ്സുകൾ പസിൽ രൂപത്തിൽ തയ്യാറാക്കി ഭിന്നശേഷി കുട്ടികളെ ഉൾപ്പെടുത്തി ഗെയിമുകൾ) | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 4 | കുട്ടികളിൽ സാമൂഹ്യ ബോധം വളർത്തുക ,പൊതുവിജ്ഞാനം വളർത്തുക ,വായന പ്രോത്സാഹിപ്പിക്കുക | സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാനം വളർത്തുന്ന ക്വിസുകൾ, ദിനാചരണങ്ങൾ എന്നിവ നടത്തുക , ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷവർഷത്തിലെ പ്രത്യേക ദിവസങ്ങളിൽ | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| 5 | ഭൂമിയെ കുറിച്ചും ഭൂപ്രകൃതിയെക്കുറിച്ചും ,നദികൾ ,പർവതങ്ങൾ ,സമുദ്രങ്ങൾ മണ്ണിനങ്ങൾ എന്നിവയെ കുറിച്ചും ഇവയ്ക്ക് കാലാവസ്ഥയുമായുള്ള ബന്ധത്തെക്കുറിച്ചും അവബോധം ഉണ്ടാക്കുകയും ,പരിസ്ഥിതി സംരക്ഷിക്കുന്നതിനുള്ള താല്പര്യം വളർത്തുകയും ചെയ്യുക | ദിനാചരണങ്ങൾ ,വിവിധ മേഖലകളെ കുറിച്ച അവബോധം വളർത്തുന്ന പ്രവത്തനങ്ങൾ | അക്കാദമിക വർഷം മുഴുവൻ | സാമൂഹ്യശാസ്ത്ര അധ്യാപകർ | സ്കൂൾ |

Scanned with OKEN Scanner

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ-മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

Scanned with OKEN Scanner

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി | വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

Scanned with OKEN Scanner

# ഉപസംഹാരം

കടത്തനാട് രാജാസ് ഹയർ സെക്കന്ററി സ്കൂൾ പുറമേരിയുടെ അക്കാഡമിക് മാസ്റ്റർ പ്ലാൻ വിദ്യഭ്യാസ ഫലങ്ങൾ മെച്ചപ്പെടുത്തുന്നതിനും എല്ലാ വിദ്യാർത്ഥികൾക്കും പരിപോഷിപ്പിക്കുന്ന അന്തരീക്ഷം ഒരുക്കുന്നതിനുമായി രൂപ കൽപ്പന ചെയ്ത ഒരു തന്ത്രപരമായ ബ്ലൂ പ്രിന്റ് ആണ് .കൃത്യമായ ആസൂത്രണം സമർപ്പിത നിർവഹണം തുടർച്ചയായ മൂല്യ നിർണയം എന്നിവയിലൂടെ ഓരോ വിദ്യാർത്ഥിക്കും അവരുടെ മുഴുവൻ കഴിവുകളും കൈവരിക്കാൻ കഴിയുന്ന ഒരു ഭാവി കെട്ടിപ്പെടുത്താൻ ഞങ്ങൾ ലക്ഷ്യമിടുന്നു .krhss പുറമേരി അതിന്റെ അക്കാഡമിക് നില മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികളുടെ സമഗ്രമായ വികസനത്തിന് പിന്തുണ നൽകുന്നതിനും ഈ പദ്ധതി വ്യക്തമായ പാത നൽകുന്നു .ഇത് നൽകിയ രേഖയിൽ നിന്നുള്ള പ്രധാന ഘടകങ്ങൾ ഉൾപ്പെടുത്തുകയും സ്കൂളിന്റെ നിർദിഷ്ട്ട ആവശ്യങ്ങൾക്കും അനുസൃതമായി അവയെ ക്രമീകരിക്കുകയും ചെയ്യുന്നു.

Scanned with OKEN Scanner